<u>**15 -ാം കേരള നിയമസഭ**</u>

<u>**11 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3967**</u> <u>**28-06-2024 - ൽ മറുപടിയ്ക്ക്**</u>

<u>**മദ്യനയം മാറ്റുന്നതിന് പണപ്പിരിവ്**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മദ്യനയം മാറ്റുന്നതിന്റെ പേരിൽ മുഖ്യമന്ത്രിയുടെയും മറ്റും പേരുപറഞ്ഞ് ബാറുടമകളുടെ സംഘടന പണപ്പിരിവ് നടത്തുന്നതായി ഒരു വിഭാഗം ബാറുടമകൾ മുഖ്യമന്ത്രിക്ക് പരാതി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പരാതി ലഭിച്ചത് എന്നാണ്; പരാതിയിൽ തുടർനടപടികൾ സ്വീകരിച്ചത് എന്നാണ്; എന്തൊക്കെ തുടർനടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ട്; പരാതിയുടെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽ അസോസിയേഷൻ എന്ന സംഘടനയുടെ ജില്ലാ ഘടകങ്ങളുടെ അംഗങ്ങളാണെന്ന് അവകാശപ്പെട്ട് പേര് വെളിപ്പെടുത്താത്ത ഒരു പരാതി മുഖ്യമന്ത്രിക്കും പകർപ്പ് എക്സൈസ് കമ്മീഷണർക്കും ലഭിച്ചിരുന്നു. പ്രസ്തുത പരാതിയിൽ എക്സൈസ് ആസ്ഥാനത്തെ ആഭ്യന്തര വിജിലൻസ് ഓഫീസർ അന്വേഷണം നടത്തുകയുണ്ടായി. പരാതിയിൽ കഴമ്പുള്ളതായി അന്വേഷണത്തിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. |
| (ബി) | പ്രസ്തുത പരാതി സംബന്ധിച്ച് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ; എങ്കിൽ എന്നാണ് അന്വേഷണത്തിന് നിർദേശം നൽകിയത്; ഇത് സംബന്ധിച്ച് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ; അന്വേഷണത്തിൽ എന്തൊക്കെ കണ്ടെത്തലുകൾ ഉണ്ടായിട്ടുണ്ട്; ആർക്കെങ്കിലും എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (ബി) | ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽ അസോസിയേഷൻ എന്ന സംഘടനയുടെ ജില്ലാ ഘടകങ്ങളുടെ അംഗങ്ങളാണെന്ന് അവകാശപ്പെട്ട് പേര് വെളിപ്പെടുത്താത്ത ഒരു പരാതി മുഖ്യമന്ത്രിക്കും പകർപ്പ് എക്സൈസ് കമ്മീഷണർക്കും ലഭിച്ചിരുന്നു. പ്രസ്തുത പരാതിയിൽ എക്സൈസ് ആസ്ഥാനത്തെ ആഭ്യന്തര വിജിലൻസ് ഓഫീസർ അന്വേഷണം നടത്തുകയുണ്ടായി. പരാതിയിൽ കഴമ്പുള്ളതായി അന്വേഷണത്തിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ